എ.വൈ.ആര്‍

സൂറ-11

# ഹൂദ്

وَمَا ظَلَمْنَٰهُمْ وَلَٰكِن ظَلَمُوٓا۟ أَنفُسَهُمْ ۖ فَمَآ أَغْنَتْ عَنْهُمْ ءَالِهَتُهُمُ
ٱلَّتِى يَدْعُونَ مِن دُونِ ٱللَّهِ مِن شَىْءٍ لَّمَّا جَآءَ أَمْرُ رَبِّكَ ۖ وَمَا زَادُوهُمْ
غَيْرَ تَتْبِيبٍ ﴿١٠١﴾

101 ആ ജനതകളോട് നാം അതിക്രമം ചെയ്യുകയായിരുന്നില്ല. പിന്നെയോ, അവര്‍ തന്നെയാണവരോട് അതിക്രമം ചെയ്തത്. നിന്റെ നാഥന്റെ ശിക്ഷാവിധി വന്നപ്പോള്‍ അല്ലാഹുവിനെ കൂടാതെ അവര്‍ വിളിച്ചു പ്രാര്‍ഥിച്ചിരുന്ന ദൈവങ്ങളൊന്നും അവര്‍ക്കൊരു ഗുണവും ചെയ്തില്ല; നാശം ഗുരുതരമാക്കുകയല്ലാതെ.

وَكَذَٰلِكَ أَخْذُ رَبِّكَ إِذَآ أَخَذَ ٱلْقُرَىٰ وَهِىَ ظَٰلِمَةٌ ۚ إِنَّ أَخْذَهُۥٓ أَلِيمٌ شَدِيدٌ
﴿١٠٢﴾

102 ധര്‍മധിക്കാരിയായ നാടുകളെ പിടികൂടിയാല്‍ ഈവിധം തന്നെയാണ് നിന്റെ നാഥന്‍ പിടികൂടുക. അവന്റെ പിടുത്തം കൊടൂരമായി വേദനിപ്പിക്കുന്നതാകുന്നു.

إِنَّ فِى ذَٰلِكَ لَءَايَةً لِّمَنْ خَافَ عَذَابَ ٱلْءَاخِرَةِ ۚ ذَٰلِكَ يَوْمٌ مَّجْمُوعٌ لَّهُ ٱلنَّاسُ
وَذَٰلِكَ يَوْمٌ مَّشْهُودٌ ﴿١٠٣﴾

103 മറുലോക ശിക്ഷ പേടിക്കുന്നവര്‍ക്കൊക്കെയും ഇതില്‍ നിശ്ചയമായും ദൃഷ്ടാന്തമുണ്ട്. മാനവരാസകലം ഒരുമിച്ചുകൂടുന്ന ദിനമാണത്. അന്നാളില്‍ നടക്കുന്നതൊക്കെയും എല്ലാവരാലും സാക്ഷ്യം വഹിക്കപ്പെടുന്നതാകുന്നു.

وَمَا نُؤَخِّرُهُۥٓ إِلَّا لِأَجَلٍ مَّعْدُودٍ ﴿١٠٤﴾

**104** നാം അതിനെ ഏറെയൊന്നും പിന്തിക്കുന്നില്ല; എണ്ണപ്പെട്ട അവധിവരെയല്ലാതെ.

وَمَا ظَلَمْنَـٰهُمْ= അവരെ നാം അക്രമിച്ചിട്ടില്ല (ആ ജനത്തോട് നാം അതിക്രമം ചെയ്യുകയായിരുന്നില്ല)

وَلَـٰكِن= പക്ഷെ (പിന്നെയോ) ظَلَمُوٓا۟= അവർ അക്രമിച്ചു (അതിക്രമം ചെയ്തത് അവർ തന്നെയാണ്)

أَنفُسَهُمْ= അവരെ തന്നെ (അവരോട്)

فَمَآ أَغْنَتْ= ധന്യരാക്കിയില്ല, സഹായിച്ചില്ല (ഒരു ഗുണവും ചെയ്തില്ല) عَنْهُمْ= അവർക്ക്

ءَالِهَتُهُمُ= അവരുടെ ദൈവങ്ങൾ ٱلَّتِى يَدْعُونَ= അവർ വിളിച്ചു പ്രാർഥിക്കുന്നതായ

مِن دُونِ ٱللَّهِ= അല്ലാഹുവിനെ കൂടാതെ مِن شَىْءٍ= യാതൊന്നും

لَّمَّا جَآءَ أَمْرُ رَبِّكَ= നിന്റെ നാഥന്റെ (ശിക്ഷാ) വിധിവന്നപ്പോൾ

وَمَا زَادُوهُمْ= അവർക്ക് ഗുരുതരമാക്കിയില്ല, വർധിപ്പിച്ചില്ല غَيْرَ تَتْبِيبٍ= നാശം അല്ലാതെ

وَكَذَٰلِكَ= ഇവ്വിധം(തന്നെ) ആകുന്നു أَخْذُ رَبِّكَ= നിന്റെ നാഥന്റെ പിടികൂടൽ(ടുക)

إِذَآ أَخَذَ= പിടികൂടിയാൽ ٱلْقُرَىٰ= നാടുകളെ وَهِىَ ظَـٰلِمَةٌ= അത് ധർമധിക്കാരിയായ അവസ്ഥയിൽ

إِنَّ أَخْذَهُۥٓ= അവന്റെ പിടുത്തം أَلِيمٌ= വേദനിപ്പിക്കുന്നതാകുന്നു شَدِيدٌ= കൊടൂരമായ(യി)

إِنَّ فِى ذَٰلِكَ= നിശ്ചയമായും ഇതിലുണ്ട് لَءَايَةً= ദൃഷ്ടാന്തം തന്നെ

لِّمَنْ خَافَ= പേടിച്ചവന് (ടിക്കുന്നവർക്കൊക്കെയും) عَذَابَ ٱلْـَٔاخِرَةِ= മറുലോക ശിക്ഷയെ ذَٰلِكَ= അത്

يَوْمٌ مَّجْمُوعٌ= ഒരുമിച്ചു കൂ(ടുന്ന)ട്ടപ്പെടുന്ന ദിവസം ആകുന്നു لَّهُ= അ(ആ ദിവസ)തിന്

ٱلنَّاسُ= മനുഷ്യർ(മാനവരാസകലം) وَذَٰلِكَ= അത്

يَوْمٌ= ദിവസമാകുന്നു (അന്നാളിൽ നടക്കുന്നതൊക്കെയും)

مَّشْهُودٌ= (എല്ലാവരാലും) സാക്ഷ്യം വഹിക്കപ്പെടുന്നതാകുന്നു

وَمَا نُؤَخِّرُهُۥٓ= നാം അതിനെ (ഏറെയൊന്നും) പിന്തിക്കുന്നില്ല

إِلَّا لِأَجَلٍ= അവധിക്ക്(വരെ)അല്ലാതെ مَّعْدُودٍ= എണ്ണപ്പെട്ട, നിർണിതമായ

**101:** മുൻചൊന്ന ചരിത്രത്തിൽനിന്ന് മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട ഒരു പാഠമാണിത്. അല്ലാഹു മനുഷ്യരെ ശിക്ഷിക്കുന്നതും വൻ സമൂഹങ്ങളെ ഒറ്റയടിക്ക് ഉന്മൂലനം ചെയ്യുന്നതും അവൻ മനുഷ്യരോട് കാട്ടുന്ന ക്രൂരതയോ അതിക്രമമോ അല്ല. വാസ്തവത്തിൽ മനുഷ്യർ തന്നെ അവരോടു ചെയ്ത അതിക്രമവും അനീതിയുമാണത്. സൃഷ്ടികൾ രക്ഷിക്കപ്പെടാനും സുഖിപ്പിക്കപ്പെടാനും പ്രകൃതി വ്യക്തമായ മാർഗങ്ങളൊരുക്കിയിട്ടുണ്ട്. ആ മാർഗങ്ങൾ കണ്ടെത്താനും അതിലൂടെ ചരിക്കാനുമുള്ള യോഗ്യതകൾ മനുഷ്യനു നൽകിയിട്ടുണ്ട്. ഒരുവൻ സ്വന്തം രക്ഷയുടെ മാർഗം കണ്ടെത്തി അതിലൂടെ ചരിക്കാൻ തയാറാകുന്നില്ലെങ്കിൽ അത് അവൻ അവനോടുതന്നെ ചെയ്യുന്ന അതിക്രമമാകുന്നു. രക്ഷയുടെ മാർഗം കൈവെടിയുന്നവർക്ക് പിന്നെ കൈക്കൊള്ളാനുള്ളത് ശിക്ഷയുടെയും ദുഃഖത്തിന്റെയും മാർഗമാണ്. ഈ ലോകത്ത് ശരീരത്തിന് പുഷ്ടിയും ആരോഗ്യവും നൽകുന്ന അന്നപാനീയങ്ങളുണ്ട്. രോഗവും മരണവും നൽകുന്ന വിഷ പദാർഥങ്ങളുമുണ്ട്. ഒരുവൻ പോഷകാഹാരം വെടിഞ്ഞ് വിഷ പദാർഥം ഭുജിച്ച് രോഗത്തിനും മരണത്തിനുമിരയാകുന്നുവെങ്കിൽ ആഹാര വിഭവങ്ങളും വിഷപദാർഥങ്ങളും ഉൽപാദിപ്പിച്ചവരുടെ കുറ്റമല്ല. ഓരോ ഉൽപന്നത്തിനും അതിന്റേതായ ഉപയോഗങ്ങളും പ്രയോജനങ്ങളുമുണ്ടായിരിക്കും. തനിക്ക് വേണ്ടത് തെരഞ്ഞെടുക്കുന്നതിൽ കാണിക്കുന്ന മൂഢമായ അതിക്ര

മത്തിന്റെ ഫലമാണ് അവൻ അനുഭവിക്കേണ്ടിവരുന്ന ദുരന്തങ്ങൾ. وَمَا ظَلَمَهُمُ اللَّهُ وَلَكِن ظلموا أَنفُسَهُم എന്ന വാക്യത്തിനു സദൃശമായ വാക്യങ്ങൾ നേരത്തെ സൂറ *ആലുഇംറാൻ* 117, *യൂനുസ്* 44, *അത്തൗബ* 80 സൂക്തങ്ങളിൽ വന്നിട്ടുണ്ട്. സൂറ *അന്നിസാഅ്* 40-ാം സൂക്തത്തിൽ അല്ലാഹു ആരോടും അണുഅളവ് അനീതി ചെയ്യില്ലെന്നും إِنَّ ٱللَّهَ لَا يَظْلِمُ مِثْقَالَ ذَرَّةٍ പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹുവിന്റെ വിധിവിലക്കുകൾ ലംഘിച്ചുകൊണ്ട് അധർമങ്ങളും അന്യായങ്ങളും ചെയ്യുന്നതിലൂടെ മനുഷ്യൻ അതിക്രമം ചെയ്യുന്നത് അല്ലാഹുവിനോടല്ല, പ്രത്യുത തന്നോടുതന്നെയാണെന്നും അവൻ ഉണർത്തിയിട്ടുണ്ട്. وَمَا ظَلَمُونَا وَلَٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ (അവർ നമ്മെ അക്രമിക്കുകയായിരുന്നില്ല, പിന്നെയോ അവരെത്തന്നെയാണ് അവരക്രമിച്ചുകൊണ്ടിരുന്നത്" - 7:160)

സത്യം നിഷേധിച്ച് അസത്യം കൈക്കൊള്ളുകയും സന്മാർഗം വെടിഞ്ഞ് ദുർമാർഗത്തിൽ ചരിക്കുകയും ചെയ്തവർ അതിന്റെ ഫലം അനുഭവിക്കാതെ തരമില്ല. ഉപ്പു തിന്നവൻ വെള്ളം കുടിക്കുക തന്നെ ചെയ്യും. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അനിവാര്യമായ അനന്തര ഫലമായി ദൈവം വിധിച്ചിട്ടുള്ള ദുരന്തം അനുഭവിച്ചു തുടങ്ങുമ്പോൾ മിഥ്യാ ദൈവങ്ങൾക്കോ അസത്യത്തിന്റെ നായകന്മാർക്കോ ഒരു പരിഹാരവും ചെയ്യാനാവില്ല.

നേരത്തെ വിവരിച്ച നശിപ്പിക്കപ്പെട്ട സമുദായങ്ങളെല്ലാം അല്ലാഹുവിനെ കൂടാതെ നിരവധി ദൈവങ്ങളെ ആരാധിച്ചിരുന്നവരാണ്. ആ കൃത്രിമ ദൈവങ്ങൾ സകലവിധ വിപത്തുകളിൽനിന്നും തങ്ങളെ സംരക്ഷിക്കുമെന്നും നിത്യമായ ക്ഷേമവും സന്തോഷവും പ്രദാനം ചെയ്യുമെന്നുമായിരുന്നു അവരുടെ വിചാരം. പക്ഷേ, അല്ലാഹുവിന്റെ ശിക്ഷാവിധി വന്നെത്തിയപ്പോൾ അവർക്കൊരു സഹായവും ചെയ്യാൻ ആ വ്യാജദൈവങ്ങളിലാർക്കുമായില്ല.

فَمَآ أَغْنَتْ عَنْهُمْ ءَالِهَتُهُمُ ٱلَّتِى يَدْعُونَ مِن دُونِ ٱللَّهِ

مِن شَىْءٍ لَّمَّا جَآءَ أَمْرُ رَبِّكَ ۖ

എന്ന വാക്യത്തിലെ أَغْنَتْ എന്ന പദം أغنى യുടെ സ്ത്രീലിംഗമാണ്. ധന്യമാക്കി, പരാശ്രയമില്ലാതാക്കി എന്നാണ് أغنى യുടെ അർഥം. ഒരു പ്രയാസം/ആവശ്യം പരിഹരിച്ചു, സഹായിച്ചു എന്ന അർഥത്തിൽ أغنى عن എന്നു പറയുന്നു. ദൈവിക ശിക്ഷയിലകപ്പെട്ടപ്പോൾ രക്ഷിക്കുകയോ സഹായിക്കുകയോ ചെയ്തില്ല എന്നാണ് فَمَآ أَغْنَتْ عَنْهُمْ لَّمَّا جَآءَ أَمْرُ رَبِّكَ യുടെ താൽപര്യം. ഉപകാരം ചെയ്യാതിരിക്കുക മാത്രമല്ല അവ ചെയ്തത്; ആപത്ത് ഗുരുതരമാക്കുക കൂടിയാണ്. ആപൽസന്ധികളിൽ കൃത്രിമ ദൈവങ്ങളെ അവലംബിക്കുന്നത് രോഗാവസ്ഥയിൽ ശമനൗഷധത്തിനു പകരം രോഗം മൂർഛിപ്പിക്കുന്ന വ്യാജ മരുന്നുകൾ കഴിക്കുന്നതുപോലെയാണ്. ദാഹിച്ചു വലഞ്ഞ് മനുഷ്യൻ വെള്ളം തേടി കാനലിനു പിന്നാലെ നടന്നാൽ വെള്ളം കിട്ടുകയില്ലെന്നു മാത്രമല്ല അതു കിട്ടാനുള്ള മാർഗങ്ങളിൽനിന്ന് തടയപ്പെടുകയും മരണം അയാളോടു കൂടുതൽ അടുക്കുകയുമായിരിക്കും ഫലം. ഇതാണ് وَمَا زَادُوهُمْ غَيْرَ تَتْبِيبٍ ന്റെ താൽപര്യം.

**102:** എടുക്കുകയും പിടിക്കുകയും കൈയടക്കുകയുമാണ് أَخْذٌ. അതിൽനിന്നുള്ള ക്രിയയാണ് أَخَذَ. ഖുർആൻ ഈ പദം ശിക്ഷിക്കുക എന്ന അർഥത്തിൽ ധാരാളം സ്ഥലങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. ഇവിടെയും ശിക്ഷയാണ് വിവക്ഷ. വചന താൽപര്യമിതാണ്: അല്ലാഹു ഒരു സമൂഹത്തെ ശിക്ഷിക്കുകയാണെങ്കിൽ അതെത്രത്തോളം കൊടൂരമായിരിക്കുമെന്നതിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ് നൂഹിന്റെ ജനത്തിന്റെയും ആദ്-സമൂദ് വർഗത്തിന്റെയും സദോമികളുടെയും മിദ്യാനികളുടെയുമൊക്കെ ചരിത്രം. സത്യവും ധർമവും നീതിയും വർജിച്ച് അക്രമത്തിന്റെയും അന്യായത്തിന്റെയും വക്താക്കളും പ്രയോക്താക്കളുമാകുന്ന ജനതകളെയാണ് അവൻ ഈവിധം ശിക്ഷിക്കുന്നത്. അക്രമികളെയും അധർമികളെയും മുന്നറിയിപ്പില്ലാതെ പിഴുതെറിയുകയല്ല അവൻ ചെയ്യുന്നത്. ആദ്യം അവരെ സത്യത്തിലേക്കും ധർമത്തിലേക്കും വീണ്ടെടുക്കാൻ പ്രവാചകന്മാരെ നിയോഗിക്കുന്നു. പ്രവാചകന്മാരെ അംഗീകരിച്ചുകൊണ്ട് അല്ലാഹുവിലേക്കു മടങ്ങുന്ന സമൂഹം അതോടെ രക്ഷപ്പെടുന്നു. അല്ലാഹു അവർക്ക് പൂർവോപരി ശക്തിയും സമ്പത്തും പ്രദാനം ചെയ്യുന്നു. അല്ലാഹുവിനെയും അവന്റെ പ്രവാചകന്മാരെയും അഗണ്യകോടിയിൽ തള്ളിക്കളഞ്ഞ് സ്വന്തം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും സർവോപരി ധാർഷ്ട്യത്തോടെ മുന്നേറുന്നവർ അതിന്റെ പരമകാഷ്ഠയിലെത്തുന്നു. അത്തരം സമൂഹങ്ങൾ പിന്നെ താഴോട്ട് വീഴുക അനിവാര്യമാകുന്നു. തങ്ങളെത്തിപ്പെട്ട ഉയരം എത്രത്തോളമാണോ അത്രത്തോളം ഭീകരമായിരിക്കും അവരുടെ പതനം. പ്രവാചകന്മാരുടെ

നിയോഗം ഉണ്ടായിട്ടില്ലെങ്കിലും അക്രമത്തിന്റെയും അധർമത്തിന്റെയും സീമന്തത്തിലെത്തിയ സമൂഹങ്ങൾ നിലപതിക്കാതെ തരമില്ല. പ്രവാചക നിയോഗമുണ്ടായ സമൂഹങ്ങളുടെ അത്തരം പതനത്തിൽ അല്ലാഹുവിന്റെ സവിശേഷമായ ഇടപെടൽ കൂടി ഉണ്ടാകുന്നു. അപ്പോൾ അതിന്റെ രൂക്ഷത പരമകാഷ്ഠയിലെത്തുന്നു. ഈ അവസ്ഥയെയാണ് إِنَّ أَخْذَهُۥٓ أَلِيمٌ شَدِيدٌ (അവന്റെ പിടുത്തം കൊടൂരമായി വേദനിപ്പിക്കുന്നതാകുന്നു) എന്ന വാക്യത്തിലൂടെ സൂചിപ്പിക്കുന്നത്.

സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും ഖുറൈശികൾക്കുള്ള താക്കീതാണീ വചനം: മുൻചൊന്ന പ്രവാചകന്മാരുടെ കർമ ജീവിതം തന്നെ നിങ്ങളും പിന്തുടരുകയാണെങ്കിൽ അല്ലാഹു അവർക്കു നേരെ കൈകൊണ്ട നടപടി തന്നെ നിങ്ങൾക്കുനേരെയും കൈക്കൊള്ളുമെന്ന് ഓർത്തിരിക്കുക. നിങ്ങളോട് മാത്രം വ്യത്യസ്തമായ ഒരു നിലപാടു സ്വീകരിക്കാൻ അവന്റെ മുമ്പിൽ യാതൊരു കാരണവുമില്ല.

**103:** അക്രമികളും അധർമികളുമായ ചില ജനതകളെ അല്ലാഹു ഈ ലോകത്തു തന്നെ ശിക്ഷിച്ചതിന്റെ അനിഷേധ്യമായ തെളിവുകളാണ് മുകളിൽ പറഞ്ഞ സമുദായങ്ങളുടെ ചരിത്രം. സാമാന്യബുദ്ധിയുള്ളവർക്ക് അതിനെ ആകസ്മികമായ അത്യാഹിതമെന്നോ പ്രകൃതിവിപത്തെന്നോ പറഞ്ഞ് തള്ളിക്കളയാനാവില്ല. കാരണം അത്തരം ഒരു ദുരന്തം വരുന്നുണ്ടെന്നും അത് നിലംപതിക്കുന്നതിനു മുമ്പ് സത്യത്തിലേക്കും ധർമത്തിലേക്കും മടങ്ങിയില്ലെങ്കിൽ ഒരക്രമിക്കും അതിൽനിന്ന് രക്ഷപെടാനാവില്ലെന്നും ആ ജനതകളിൽ ആഗതരായ പ്രവാചകന്മാർ മുന്നറിയിപ്പു നൽകിയിട്ടുണ്ടായിരുന്നു. സ്വാലിഹ് നബിയെപ്പോലുള്ള ചിലർ അതിന്റെ ദിവസം വരെ പ്രവചിച്ചു. പ്രവാചകന്മാരുടെ പ്രവചനമനുസരിച്ചാണത് സംഭവിച്ചത് എന്നത് കേവലം യാദൃശ്ചികമായ അപകടമോ പ്രകൃതി ക്ഷോഭമോ ആയിരുന്നില്ല; മറിച്ച് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതും അനിവാര്യമായി സംഭവിക്കേണ്ടതുമായ പരിണതിയായിരുന്നുവെന്ന് വ്യക്തമാക്കുന്നു.

ഈ പ്രപഞ്ചം അലക്ഷ്യമോ അവ്യവസ്ഥിതമോ അല്ലെന്നും ഒരധികാര ശക്തി സലക്ഷ്യമായി സംവിധാനിച്ചിട്ടുള്ളതാണെന്നും ആ ശക്തി ചരാചരങ്ങളുടെ വ്യഷ്ടി ഗതവും സമഷ്ഠിഗതവുമായ ഭാഗധേയം കണിശമായി കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നുണ്ടെന്നും ഈ സംഭവങ്ങളിൽനിന്ന് മനസ്സിലാക്കാം. പ്രകൃതി നിയന്താവിന്റെ നിയമങ്ങൾ ധിക്കരിക്കുന്നവരെ അവൻ കഠിനമായി ശിക്ഷിക്കുമെന്നതിന്റെയും സജ്ജനങ്ങളെ രക്ഷിക്കുമെന്നതിന്റെയും തെളിവാണത്. അക്രമികൾ ശിക്ഷിക്കപ്പെട്ടതോടൊപ്പം പ്രവാചകനും അദ്ദേഹത്തോടൊപ്പം വിശ്വാസികളായവനും രക്ഷിക്കപ്പെടുകയും ചെയ്തുവല്ലോ. അപ്പോൾ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ടെന്നും അവൻ സർവശക്തനും സർവജ്ഞനും ദുഷ്ടരെ ശിക്ഷിക്കുന്നവനും ശിഷ്ടരെ രക്ഷിക്കുന്നവനുമാണെന്നു വരുന്നു. ഈ ലോകത്ത് രക്ഷിക്കപ്പെടാത്ത ശിഷ്ടരും ശിക്ഷിക്കപ്പെടാത്ത ദുഷ്ടരുമുണ്ട്. ശിഷ്ട രക്ഷയും ദുഷ്ട ശിക്ഷയും സനാതനമായ ദൈവിക വ്യവസ്ഥയുടെ ഭാഗമാണെങ്കിൽ ഈ ലോകത്ത് രക്ഷാശിക്ഷകൾ ലഭിക്കാത്തവർക്ക് മറ്റൊരു ലോകത്തെങ്കിലും അതു ലഭിച്ചേ തീരൂ. മരണാനന്തരം മറ്റൊരു ലോകമുണ്ടെന്നും അവിടെ ഈ ലോകജീവിതം വിചാരണ ചെയ്യപ്പെടുമെന്നും രക്ഷാശിക്ഷകൾ നൽകപ്പെടുമെന്നും നേരത്തെ പറഞ്ഞ പ്രവാചകന്മാർ അസന്ദിഗ്ധമായി പ്രവചിച്ചിട്ടുമുണ്ട്. അതു സത്യമാണെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്, ഈ ലോകത്ത് അവർ പ്രവചിച്ച ശിക്ഷ അക്ഷരംപ്രതി ഫലിച്ചുവെന്നത്. ഇങ്ങനെയാണ് ധിക്കാരികൾക്ക് ഈ ലോകത്ത് ലഭിച്ച ശിക്ഷ പരലോകശിക്ഷയുടെ യാഥാർഥ്യത്തിന് ദൃഷ്ടാന്തമായിത്തീരുന്നത്.

ഈ ദൃഷ്ടാന്തം സൂചിപ്പിക്കുന്ന പരലോക വിചാരണയുടെ സന്ദർഭത്തെയാണ് ذَٰلِكَ يَوْمٌ مَّجْمُوعٌ لَّهُ ٱلنَّاسُ (മാനവരാസകലം ഒരുമിച്ചുകൂട്ടപ്പെടുന്ന ദിനമാണത്) എന്നവാക്യം പരാമർശിക്കുന്നത്. അതായത്, ഈ ലോകത്ത് ഇതുവരെ ജീവിച്ചവരും ഇപ്പോൾ ജീവിക്കുന്നവരും ഇനി ജീവിക്കാനിരിക്കുന്നവരുമായ സകലമാന മനുഷ്യരും ഒരുമിച്ചു കൂട്ടപ്പെടുന്ന ഒരുനാൾ വരാനിരിക്കുന്നു. പ്രവാചകന്മാരും അവരുടെ ജനതകളും സത്യപ്രബോധകന്മാരും രാജാവും പ്രജകളും പ്രഭുക്കളും പാവങ്ങളും സാക്ഷികളും സാക്ഷ്യം വഹിക്കപ്പെടുന്നവരുമെല്ലാം ഉൾക്കൊള്ളുന്നതായിരിക്കും ആ സഭ. മനുഷ്യർ മാത്രമല്ല, തിര്യക്കുകളുമുണ്ടാകും. وَإِذَا ٱلْوُحُوشُ حُشِرَتْ (തിര്യക്കുകൾ സമ്മേളിപ്പിക്കപ്പെടുമ്പോൾ) എന്ന് സൂറ *അത്തക്വീറിൽ* പ്രസ്താവിക്കുന്നുണ്ട്. തിര്യക്കുകൾ ഹാജരാക്കപ്പെടുന്നത് വിചാരണ ചെയ്യപ്പെടുന്നതിനും രക്ഷാശിക്ഷകൾ വിധിക്കപ്പെടുന്നതിനും ആവണമെന്നില്ല. മനുഷ്യരോടൊപ്പം ഈ ലോകത്ത് വാണവരാണല്ലോ അവ. മനുഷ്യകർമങ്ങൾക്ക് അവ സാക്ഷികളായിട്ടുണ്ട്. അതി

നാൽ മർത്യരുടെ കേസിൽ സാക്ഷ്യം സമർപ്പിക്കുന്നതിനുവേണ്ടിയുമാവാം തിര്യക്കുകളുടെ സാന്നിധ്യം. ഒരാളുടെ അവയവങ്ങൾ പോലും അയാളുടെ കാര്യത്തിൽ സാക്ഷ്യം പറയുമെന്ന് 41:20 ൽ പറയുന്നുണ്ട്:

حَتَّىٰٓ إِذَا مَا جَآءُوهَا شَهِدَ عَلَيۡهِمۡ سَمۡعُهُمۡ وَأَبۡصَٰرُهُمۡ وَجُلُودُهُم بِمَا

كَانُواْ يَعۡمَلُونَ

(എല്ലാവരും ആ സഭയിലെത്തിക്കഴിഞ്ഞാൽ മനുഷ്യരുടെ കാതുകളും കണ്ണുകളും ചർമങ്ങളും ഭൗതിക ലോകത്ത് അവർ ചെയ്തുകൊണ്ടിരുന്ന കർമങ്ങളെക്കുറിച്ച് സാക്ഷി പറയുന്നതാകുന്നു).

കാണപ്പെടുന്നത്, സാക്ഷ്യം വഹിക്കപ്പെടുന്നത് എന്നാണ് مَّشۡهُودٌ ന്റെ അർഥം. സാക്ഷ്യം വഹിക്കൽ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും കേൾവിയിലൂടെയും കാഴ്ചയിലൂടെയും മാനസികമായ നിലപാടിലൂടെയുമാകാം. ഒരു സത്യം സത്യമാണെന്ന് മൊഴി കൊടുക്കലും അത് ആചരിക്കലും പ്രചരിപ്പിക്കലും شهادة الحق ആകുന്നു. ഇവിടെ വിചാരണ നാളിനെ مَّشۡهُودٌ എന്നു വിശേഷിപ്പിച്ചതിന് രണ്ട് താൽപര്യമുണ്ട്. ഒന്ന്, വിചാരണ വളരെ നീതിനിഷ്ഠവും സുതാര്യവുമായിരിക്കും. ഓരോരുത്തരുടെയും നന്മതിന്മകൾ അനിഷേധ്യമായ സാക്ഷ്യങ്ങളാൽ സംശയലേശമന്യേ ബോധ്യപ്പെടുത്തിയ ശേഷമായിരിക്കും രക്ഷാശിക്ഷകൾ വിധിക്കുക. ഖുർആൻ ഇക്കാര്യം പല സ്ഥലങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ

وَٱلسَّمَآءِ ذَاتِ ٱلۡبُرُوجِ ۝١ وَٱلۡيَوۡمِ ٱلۡمَوۡعُودِ ۝٢ وَشَاهِدٍ

وَمَشۡهُودٍ ۝٣

(സുഭദ്രമായ കോട്ടകളുള്ള വാനലോകമാണ, വാഗ്ദത്ത ദിനമാണ, സാക്ഷിയും സാക്ഷ്യം വഹിക്കപ്പെടുന്നതുമാണ – 85:1–3).

إِنَّا لَنَنصُرُ رُسُلَنَا وَٱلَّذِينَ ءَامَنُواْ فِي ٱلۡحَيَوٰةِ ٱلدُّنۡيَا وَيَوۡمَ يَقُومُ ٱلۡأَشۡهَٰدُ

(നമ്മുടെ ദൂതന്മാരെയും വിശ്വാസികളെയും നാം സഹായിക്കുകതന്നെ ചെയ്യും; ഈ ഭൗതിക ജീവിതത്തിലും സാക്ഷികൾ എഴുന്നേൽക്കുന്ന നാളിലും – 40:51).

وَيَوۡمَ نَبۡعَثُ فِي كُلِّ أُمَّةٖ شَهِيدًا عَلَيۡهِم مِّنۡ أَنفُسِهِمۡۖ

(അന്നു നാം എല്ലാ സമുദായങ്ങളിലും അവർക്കെതിരെ മൊഴിനൽകുന്ന സാക്ഷിയെ അവരിൽനിന്നുതന്നെ എഴുന്നേൽപിക്കുന്നതാകുന്നു – 16:89).

تَشۡهَدُ عَلَيۡهِمۡ أَلۡسِنَتُهُمۡ وَأَيۡدِيهِمۡ وَأَرۡجُلُهُم بِمَا كَانُواْ يَعۡمَلُونَ

(അവർ ചെയ്തുകൊണ്ടിരുന്ന പാപങ്ങളുടെ പേരിൽ അവരുടെ നാവുകളും കൈകാലുകളും തന്നെ അവർക്കെതിരെ സാക്ഷി പറയുന്ന നാളിനെ മറക്കാതിരിക്കട്ടെ – 24:24).

രണ്ട്, അന്ന് സ്വകാര്യങ്ങളെല്ലാം എല്ലാവർക്കും പ്രത്യക്ഷമാകുന്നു. ഒന്നും ആർക്കും രഹസ്യമോ അവ്യക്തമോ ആയിരിക്കുകയില്ല. മനുഷ്യനും അഭൗതിക ലോകത്തിനുമിടയിലുള്ള മറനീങ്ങിപ്പോകും. ഉയിർത്തെഴുന്നേൽപ്, വിചാരണ, വിധി പ്രസ്താവന, സ്വർഗ നരകങ്ങൾ എല്ലാം സൃഷ്ടികൾ അനുഭവിച്ചറിയും.

**104:** ഉയിർത്തെഴുന്നേൽപിനെയും വിചാരണയെയും കുറിച്ചു കേൾക്കുമ്പോൾ ആളുകൾക്ക് തോന്നും അതൊക്കെ ഉണ്ടെങ്കിൽ തന്നെ എത്രയോ സഹസ്രാബ്ദങ്ങൾക്ക് ശേഷം സംഭവിക്കുന്നതാണ്. അനന്തകാലത്തിനുശേഷം നടന്നേക്കുമെന്ന് സംശയിക്കുന്ന പരലോകത്തിനുവേണ്ടി മുന്നിലുള്ള അനുഭവ വേദ്യമായ ഭൗതിക ജീവിതം കലുഷമാക്കേണ്ടതില്ല. പരലോകമുണ്ടെങ്കിൽ അവിടെയെത്തുമ്പോൾ നേരിടാം. കഴിയും മട്ടിൽ ഇഹലോകത്തെ അനുഭവിക്കുയാണിപ്പോൾ വേണ്ടത്. ഇങ്ങനെ ചിന്തിക്കുന്നവരെ ഉണർത്തുകയാണ്. നിങ്ങൾ വിചാരിക്കുന്നത്ര വിദൂരമൊന്നുമല്ല പരലോകം. പ്രപഞ്ചം ആസൂത്രിതമായ ഒരു സംവിധാനമാണ്. ആ സംവിധാനത്തിൽ ഈ ഭൗതിക ലോകം അവസാനിക്കാനും അതിലെ സൃഷ്ടികൾ പരലോകത്തെത്താനും കൃത്യമായ ഒരവധി നിശ്ചയിച്ചിട്ടുണ്ട്. ആ അവധിയെത്തുന്നതുവരെ മാത്രമേ ലോകാവസാനവും ഉയിർത്തെഴുന്നേൽപും നീണ്ടു പോകൂ. അവധിയെത്തിക്കഴിഞ്ഞാൽ പിന്നെ ഒരു നിമിഷം വൈകാതെ അതു സംഭവിച്ചുകൊള്ളും. إِلَّا لِأَجَلٖ مَّعۡدُودٖ എന്ന

വാക്യത്തെയാണ് നിർണിതമായ അവധിക്കുവേണ്ടിയല്ലാതെ എന്നു തർജമ ചെയ്തത്. عدد (എണ്ണം)ൽനിന്നുള്ള കർമ വാക്യമാണ് معدود. എണ്ണപ്പെട്ട, കണക്കാക്കപ്പെട്ട, നിശ്ചയിക്കപ്പെട്ട എന്നെല്ലാം അർഥമാകാം.

എണ്ണപ്പെട്ട, കണക്കാക്കപ്പെട്ട എന്ന വാക്ക് പരിമിതിയെ സൂചിപ്പിക്കുന്നതാണ്. എണ്ണപ്പെട്ട ദിവസം; മണിക്കൂറ്, എണ്ണിച്ചുട്ട അപ്പം എന്നൊക്കെ പറയുന്നതുപോലെ. ഉയിർത്തെഴുന്നേൽപിന്റെ നാളുകൾ എണ്ണപ്പെട്ടതാണെന്നു പറയുന്നതിൽ അതിശയോക്തിയൊന്നുമില്ല. അഭൗതിക ലോകത്തെ കാലഗണനയനുസരിച്ചുമല്ല അത് എണ്ണപ്പെട്ടതാകുന്നത്. ഭൗതികമായ കാലഗണന പ്രകാരവും അത് തികഞ്ഞ യാഥാർഥ്യമാകുന്നു. മനുഷ്യൻ ഈ ലോകത്തോടു വിടപറയുന്നതോടെ –മരണപ്പെടുന്നതോടെ– കാലമടക്കം ഈ ലോകവുമായി ബന്ധപ്പെട്ട സകല പ്രതിഭാസങ്ങളിൽനിന്നും അന്യനാകുന്നു. അതുകൊണ്ട് പത്തു സഹസ്രാബ്ദം മുമ്പ് മരിച്ചവരും ഇന്നലെ മരിച്ചവരും ഉയിർത്തെഴുന്നേൽക്കുന്നത് ഏതാനും നാഴികക്കുമുമ്പ് ഉറങ്ങാൻ കിടന്നവർ എഴുന്നേൽക്കുന്നതുപോലെയായിരിക്കും. ഖുർആൻ 79:46ൽ അതെപ്പറ്റി പറയുന്നു: كَأَنَّهُمْ يَوْمَ يَرَوْنَهَا لَمْ يَلْبَثُوٓا۟ إِلَّا عَشِيَّةً أَوْ ضُحَىٰهَا (ഉയിർത്തെഴുന്നേൽപ് കാണുന്ന നാളിൽ മനുഷ്യർക്കു തോന്നുക ഒരു സായാഹ്നം അല്ലെങ്കിൽ പൂർവാഹ്നം മാത്രമേ തങ്ങൾ താമസിച്ചിട്ടുള്ളൂ എന്നോണമാകുന്നു). ഒരു നബി വചനത്തിൽ ഇക്കാര്യം അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്: من مات فقد قامت قيامته (ഒരുവൻ മരിക്കുന്നതോടെ അവന്റെ ഉയിർത്തെഴുന്നേൽപ് നില വന്നു). മരണത്തിനും ഉയിർത്തെഴുന്നേൽപിനുമിടയിൽ ബർസഖി ലോകത്ത് എത്ര സഹസ്രാബ്ദങ്ങൾ കഴിച്ചുകൂട്ടിയാലും അവനത് അശേഷം അറിയുന്നില്ല. ഒന്നുറങ്ങി എണീറ്റതുപോലെയേ തോന്നൂ. ഇതിൽ പ്രകാശിതമാകുന്ന ഗുരുതരമായ കാര്യമിതാണ്: ഓരോ മനുഷ്യന്റെയും ജനനത്തിനും ഉയിർത്തെഴുന്നേൽപിനുമിടക്കുള്ള അവധിക്ക് യഥാർഥത്തിൽ അയാളുടെ ആയുസ്സിന്റെ ദൈർഘ്യം മാത്രമേയുള്ളൂ. ജീവിതത്തിന്റെ അവധി എത്ര ഹ്രസ്വമാണെന്ന് എല്ലാവർക്കും അറിയാമല്ലോ. ■